# 59
# രണ്ടാം വരവ്
## (24:36- 51)

യെരുശലേം നാശത്തെ കുറിച്ച് യേശു ശിഷ്യന്മാരോട് പറഞ്ഞ ശേഷം, അവൻ തന്റെ രണ്ടാം വരവിനെ കുറിച്ചു അവരോട് പറഞ്ഞു.

### "സമയം ആരും അറിയുന്നില്ല" (24:36-41)

**36"ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും, സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല. 37നോഹ യുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. 38ജലപ്ര ളയത്തിനു മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. 39ജലപ്രളയം വന്നു എല്ലാവരേയും നീക്കി കളയുവോളം അവർ അറിഞ്ഞതുമില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നെ ആകും. 40അന്നു രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും മറ്റവനെ ഉപേക്ഷി ക്കും. 41രണ്ടുപേർ ഒരു തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും."**

**വാക്യം 36.** യെരുശലേം നാശം എന്ന വിഷയത്തെ വിട്ട് ഇപ്പോൾ, അവൻ തന്റെ രണ്ടാം വരവിനെ കുറിച്ച് ശ്രദ്ധിച്ച് പറഞ്ഞു, "**ആ നാളും നാഴികയും സംബന്ധിച്ച് സ്വർഗസ്ഥ പിതാവല്ലാതെ, ദൂതന്മാരും പുത്രനും കൂടെ അറി യുന്നില്ല.**" എപ്പോൾ താൻ മടങ്ങി വരുമെന്നോ അല്ലെങ്കിൽ ലോകാവസാനം സംഭവിക്കുന്നത് എപ്പോഴാണെന്നോ ആർക്കും അറിയില്ലെന്ന് അവൻ തുറന്നു പറഞ്ഞു. അവസാന സമയത്തെ കുറിച്ച് കണക്കുകൂട്ടുന്നവരും മുന്നറിയിക്കു വാൻ ശ്രമിക്കുന്നവരുടേയും ശ്രമം പരാജയപ്പെടുകയേയുള്ളൂ.

യേശു ദൈവവും സർവ്വജ്ഞാനിയുമാണെങ്കിലും, ലാകാവസാന സമയം അവനും അറിയില്ല എന്നതാണ് വാസ്തവം. പുത്രനുപോലും പുത്രൻ വരുന്ന സമയം അറിയില്ല എന്ന വസ്തുത പലരേയും അതിശയിപ്പിക്കുന്നതാണ്.[1] "വചനം ജഡമായി തീർന്നപ്പോൾ" (യോഹ. 1:14), അവനിൽ ദൈവികത്വവും തുടർന്നിരുന്നു, പക്ഷെ അവന്റെ സർവ്വജ്ഞാനത്വം അവൻ ഉപയോഗിച്ചില്ല (ഫിലി. 2:6, 7). വളർന്നപ്പോൾ, യേശു ശാരീരികമായി മാത്രമല്ല, ബുദ്ധിപര മായും വളർന്നിരുന്നു (ലൂക്കൊ. 2:52). തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായശേഷം (3:16; ലൂക്കൊ. 4:18; പ്രവൃ. 10:38), അവൻ പല അവസരങ്ങളിലും അത്ഭുതകരമായ ജ്ഞാനം പ്രകടിപ്പിച്ചു. എങ്ങനെയായാലും, അവൻ അത് എല്ലാ സമയത്തും ചെയ്തില്ല. അതിനെ റോബർട്ട് എച്ച്. ഗൺഡ്രി ഇങ്ങനെ വീക്ഷിച്ചു:

ദൈവരാജ്യത്തിന്റെ വ്യാപ്തിക്കല്ലാതെ യേശു തന്റെ സർവ്വശക്തി ഉപ

യോഗിക്കാതിരുന്നതുപോലെ (കല്ല് അപ്പമാക്കി ഭക്ഷിക്കാതിരുന്നത്), അവന്റെ സർവ്വജ്ഞാനത്വവും ദൈവരാജ്യത്തിന്റെ വ്യാപ്തിക്കല്ലാതെ അവൻ ഉപയോഗിച്ചില്ല. അവന്റെ വരവിന്റെ കൃത്യ സമയം അറിയുകയും അറിയിക്കയും ചെയ്താൽ, രാജ്യത്തിന് താൻ ചെയ്ത പണികളെല്ലാം, ആളുകൾ അതിനിടയിൽ ശ്രദ്ധയും കരുതലുമില്ലാതെ ജീവിച്ച് നാശമാക്കും.[2]

**വാക്യങ്ങൾ 37–39.** യേശു പിന്നെ **നോഹയുടെ കാലത്ത്** പെട്ടെന്നുണ്ടായ ജലപ്രളയത്തെ കാണിച്ച് **മനുഷ്യപുത്രന്റെ വരവുമായി** താരതമ്യം ചെയ്യുന്നു. സാധാരണ ജീവിതം മുടക്കം കൂടാതെ നടന്നതു കാണിക്കുവാൻ ഏതാനും പ്രവൃത്തികളെ യേശു ചൂണ്ടിക്കാണിച്ചിരിക്കുന്നു. **തിന്നും കുടിച്ചും** എന്നു പറയുന്നത് അമിതത്വത്തെയാണ് വിവരിക്കുന്നത് (പുറ. 32:6; മത്താ. 24:49), എല്ലാ ദിവസവും കഴിക്കുന്ന ഭക്ഷണത്തകുറിച്ചാണ് പറയുന്നത്. **വിവാഹം കഴിക്കയും വിവാഹത്തിനു കൊടുക്കയും** ചെയ്തുകൊണ്ടിരുന്നു എന്നു പറയുന്നതും സാധാരണ ജീവിതത്തിൽ നടക്കുന്ന കാര്യങ്ങളാണ് (22:30 ന്റെ പരാമർശം നോക്കുക).

**നോഹ** പ്രസംഗിച്ചതും **പെട്ടകം** ഉണ്ടാക്കിയതും അന്നത്തെ ജനങ്ങളുടെ കൺമുൻപിൽ വെച്ചായിരുന്നു (ഉല്. 6:5–7; എബ്രാ. 11:7; 1 പത്രൊ. 3:20; 2 പത്രൊ. 2:5), എന്നാൽ ജലപ്രളയം എപ്പോൾ വരുമെന്ന് അവർക്ക് ഒരു ധാരണയുമില്ലായിരുന്നു. അവർക്ക് രക്ഷപ്പെടുന്നതിന് വേണ്ട ഒരുക്കങ്ങൾ നടത്താമായിരുന്നു. പകരം, അവർ മോശെയുടെ മുന്നറിയിപ്പുകൾ അവഗണിച്ച് **അവൻ പെട്ടകത്തിൽ കയറിയ നാൾ വരെ** അവരുടെ സാധാരണ ജീവിതം നയിച്ചുകൊണ്ടിരുന്നു. മഴ വന്നപ്പോൾ, ജലപ്രളയമായി ജലം ഉയരുവാൻ തുടങ്ങി, തങ്ങൾ എടുത്ത തീരുമാനത്തിൽ തീർച്ചയായും ദുഃഖിച്ചുകാണും.

**വാക്യങ്ങൾ 40, 41.** യേശു വീണ്ടും വരുമ്പോൾ, ആളുകളുടെ ജീവിതം, നോഹയുടെ കാലത്തേതുപോലെ തന്നെയായിരിക്കും, സ്ത്രീപുരുഷന്മാർ അവരുടെ സാധാരണ ജീവിതത്തിൽ തന്നെ മുഴുകിയിരിക്കും. സാധാരണ അനുഭവങ്ങൾ ഉപയോഗിച്ച്, അന്നത്തെ പാലസ്തീനിലെ **വയലിൽ** ആളുകൾ ജോലി ചെയ്യുന്നതും, സ്ത്രീകൾ **തിരികല്ലിൽ** ധാന്യം **പൊടിക്കുന്നതും** പറഞ്ഞിരിക്കുന്നു. രണ്ട് പുരുഷന്മാരെയും രണ്ട് സ്ത്രീകളെയും സൂചിപ്പിച്ച് **ഒരാളെ എടുക്കുന്നതായും മറ്റെ ആളെ ഉപേക്ഷിക്കുന്നതായും** പറയുന്നു. രക്ഷയുടെ ക്രിയാത്മകമായ അർത്ഥത്തിൽ വേണം ക്രിയ "എടുക്കും" (*പാരാലമ്പാനോ*) എന്നത് മനസിലാക്കുവാൻ. വാക്യം 39-ൽ മറ്റൊരു വാക്ക് (*എയിറോ*) പ്രത്യക്ഷപ്പെടുന്നു, ദുഷ്ട തലമുറയെ എടുക്കുന്നതായിട്ടാണ് പറഞ്ഞിരിക്കുന്നത്. നോഹയുടെ കാലത്തിലേതുപോലെ, രണ്ട് വിഭാഗം ആളുകളാണുള്ളത്, ഒരുങ്ങിയവരും (രക്ഷിക്കപ്പെട്ടവർ) ഒരുങ്ങാത്തവരും (രക്ഷിക്കപ്പെടാത്തവർ). യേശുവിന്റെ വരവിലാണ് പൂർണ്ണവും സ്ഥിരവുമായ വേർപിരിക്കൽ സംഭവിക്കുന്നത്.[3]

ആയിരമാണ്ട് വാഴ്ച്ചക്കാർ പറയുന്ന "ഹർഷോന്മാദം" 1 തെസലൊനിക്യർ 4:13–17-ൽ നിന്ന് രൂപപ്പെടുത്തി മത്തായി 24:40, 41 മായി ബന്ധപ്പെടുത്തി പറയുന്നതാണ്. ആ വീക്ഷണക്കാർ പറയുന്നത് ഏഴു വർഷത്തെ ഉപദ്രവത്തിനു മുൻപ് രക്ഷിക്കപ്പെട്ടവർ കർത്താവിനോടുകൂടെ എടുക്കപ്പെടും എന്നാണ്. എങ്ങനെയായാലും, നീതിമാന്മാരെ മാത്രം ഉയിർത്തെഴുന്നേൽപിക്കും എന്ന്

പുതിയനിയമത്തിൽ ദൈവം ഉദ്ദേശിച്ചിട്ടില്ല (1 കൊ. 15:50–54; 1 തെസ്സ. 4:13–17). വാസ്തവത്തിൽ, ഭക്തിയുള്ളവരും ഭക്തികെട്ടവരും ഒരേ സമയത്ത് അല്ലെങ്കിൽ ഒരേ ദിവസം ഉയിർത്തെഴുന്നേൽക്കും എന്നാണ് യേശു പ്രഖ്യാപിച്ചത് (യോഹ. 5:25–29).

### "ഒരുങ്ങി ഇരിക്കുക" (24:42-51)

**42"നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയായ്കകൊണ്ട്, ഉണർന്നിരിപ്പിൻ. 43കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ, അവൻ ഉണർന്നിരിക്കയും തന്റെ വീട് തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്ന് അറിയുന്നുവല്ലോ. 44അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട്, നിങ്ങളും ഒരുങ്ങിയിരിപ്പിൻ."**

**45"എന്നാൽ യജമാനൻ തന്റെ വീട്ടുകാർക്ക് തൽസമയത്ത് ഭക്ഷണം കൊടുക്കേണ്ടതിന്നു ആക്കി വെച്ച വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ ആർ? 46യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ; 47'അവൻ അവനെ തനിക്കുള്ള സകലത്തിന്മേലും യജമാനൻ ആക്കി വെക്കും' എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. 48എന്നാൽ അവൻ ദുഷ്ടദാസനായി 'യജമാനൻ വരുവാൻ താമസിക്കുന്നു' എന്നു ഹൃദയം കൊണ്ടു പറഞ്ഞു, 49കൂട്ടുദാസന്മാരെ അടിപ്പാനും കുടിയന്മാരോടുകൂടി തിന്നുകുടിപ്പാനും തുടങ്ങിയാൽ 50ആ ദാസൻ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും യജമാനൻ വന്ന് 51അവനെ ദണ്ഡിപ്പിച്ചു അവന്നു കപടഭക്തിക്കാരോടുകൂടെ പങ്കു കൽപിക്കും; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും."**

**വാക്യം 42. യേശു വീണ്ടും വരുന്നത്** എപ്പോഴാണെന്ന് ഭൂമിയിൽ ആർക്കും അറിയായ്കയാൽ, **കർത്താവ്** തന്റെ ശിഷ്യന്മാരോട് **ഉണർന്നിരിപ്പാൻ** പറഞ്ഞു. തന്റെ വരവിനായി ഒരുങ്ങുവാൻ യേശു ശിഷ്യന്മാരോട് ഒലിവ് മലയിൽ വെച്ചുള്ള പ്രസംഗത്തിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു (24:42, 44, 50; 25:13). ഗ്രീക്ക് ക്രിയ *ഗ്രെഗോറിയോ*, തർജിമ ചെയ്തിരിക്കുന്ന "ഉണർന്നിരിപ്പിൻ" എന്നത് "സൂക്ഷിപ്പിൻ," "എഴുന്നേറ്റിരിപ്പിൻ" എന്നെല്ലാം തർജിമ ചെയ്യാവുന്നതാണ്. ഉറക്കം വന്ന അപ്പൊസ്തലന്മാരോട് യേശു പറഞ്ഞത്, കാത്തിരുന്നു പ്രാർത്ഥിപ്പാനായിരുന്നു എന്നു തോന്നുന്നു (26:38, 40, 41).

**വാക്യം 43**. ക്രിസ്തുവിന്റെ രണ്ടാംവരവ് സംബന്ധിച്ച് ഉണർന്നിരിപ്പാൻ പറഞ്ഞിരിക്കുന്നത് മനസിലാക്കുവാൻ യേശു ഒരു ചിത്രീകരണം നൽകിയിരിക്കുന്നു: **"കള്ളൻ വരുന്ന യാമം വീട്ടുടയവൻ അറിഞ്ഞുവെങ്കിൽ, അവൻ ഉണർന്നിരിക്കയും വീട് തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും."** "വീട്ടുടയവൻ" (*ഓയികോഡെസ്പോടെസ്*) എന്ന വാക്ക് മത്തായിയുടെ സുവിശേഷത്തിൽ, പ്രത്യേകിച്ച് ഉപമകളിൽ അടിക്കടി കാണാം (10:25; 13:27; 20:1, 11; 21:33). അവന്റെ കീഴിൽ പെടുന്നവരായിരുന്നു അവന്റെ ഭാര്യയും മക്കളും ദാസന്മാരും. കള്ളൻ വരുന്ന സമയം അവൻ അറിഞ്ഞിരുന്നു എങ്കിൽ തീർച്ചയായും അവൻ ഒരുങ്ങിയിരിക്കുമായിരുന്നു. അവൻ ഉണർന്നിരിക്കുകയും ദാസന്മാരെ കാവൽക്കാരായി നിർത്തുകയും ചെയ്യുമായിരുന്നു,

അല്ലെങ്കിൽ അവൻ അയൽക്കാരുടെ സഹായവും അഭ്യർത്ഥിക്കുമായിരുന്നു. “വരുന്ന യാമം” എന്ന പ്രയോഗം അക്ഷരികമായി “രാത്രിയുടെ [യാമം]” എന്നാണ്. യെഹൂദ സമയക്രമമനുസരിച്ച്, രാത്രിയെ അവർ മൂന്നു യാമങ്ങളായിട്ടാണ് തിരിച്ചിരുന്നത്, എന്നാൽ റോമാക്കാർ നാല് യാമങ്ങളായിട്ടായിരുന്നു തിരിച്ചിരുന്നത് (14:25 ന്റെ പരാമർശം നോക്കുക). “തുരന്നു” എന്നതിന്റെ ഗ്രീക്ക് ക്രിയക്ക് (*ഡയോറുസോ*) “കുഴിക്കുക” എന്നും അർത്ഥമുണ്ട് മൺചുമർ തുരന്നാണ് കള്ളൻ അന്ന് വീടിനുള്ളിൽ പ്രവേശിച്ചിരുന്നത് (6:19, 20 ന്റെ പരാമർശം നോക്കുക). കള്ളൻ രാത്രിയിൽ വരുമ്പോലെയായിരിക്കും കർത്താവിന്റെ രണ്ടാം വരവ് എന്നു പുതിയനിയമത്തിൽ പിന്നീട് പറഞ്ഞിരിക്കുന്നു (1 തെസ്സ. 5:2, 4; 2 പത്രൊ. 3:10; വെളി. 3:3; 16:15).

**വാക്യം 44.** തന്റെ വീണ്ടും വരവിനെ കുറിച്ച് ഇനിയൊരു മുന്നറിയിപ്പ് ഉണ്ടായിരിക്കുകയില്ല എന്നു ബോധ്യപ്പെടുത്തുവാനായിരുന്നു യേശു ആ ചിത്രീകരണം ഉപയോഗിച്ചത്. അവന്റെ മടങ്ങി വരവ് എല്ലാവരും തിരിച്ചറിയും, പക്ഷെ അവൻ വരുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളെല്ലാം, ആർക്കും തങ്ങളുടെ ആത്മിയാവസ്ഥ മാറ്റുവാൻ കഴിയാത്തവിധം പെട്ടെന്നായിരിക്കും. ഒരു ദിവസം, അല്ലെങ്കിൽ ഒരു **നാഴികയിൽ**, അപ്രതീക്ഷിതമായിട്ടായിരിക്കും അവൻ വരുന്നത്.

**വാക്യങ്ങൾ 45–47.** അടുത്തതായി, യേശു ചോദിച്ചു, “**യജമാനൻ തന്റെ വീട്ടുകാർക്ക് തൽസമയത്ത് ഭക്ഷണം കൊടുക്കേണ്ടതിന് ആക്കിവെച്ച വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ ആർ?**” “യജമാനനിൽ” (*കുറിയോസ്*) നിന്ന് വിഷയം ഇപ്പോൾ വീട്ടുകാർക്ക് ഭക്ഷണം കൊടുക്കുവാൻ ആക്കിവെച്ച ദാസന്മാരിലേക്ക് തിരിഞ്ഞു. ദാസന്മാരുടെ ഉത്തരവാദിത്വത്തിന് രണ്ട് വ്യത്യസ്ത മനോഭാവങ്ങളാണ് യജമാനൻ പറഞ്ഞിരിക്കുന്നത്. ഒന്നാമത്, ദാസൻ “വിശ്വസ്തനും ബുദ്ധിയുമുള്ളവൻ” ആയിരിക്കണം, തന്റെ വിചാരകത്വത്തിൽ ബോധ്യമുള്ളവനായിരിക്കണം എന്നർത്ഥം. ആ ദാസന് യജമാനൻ മടങ്ങി വരുമ്പോൾ, ഒരുങ്ങിയിരുന്നാൽ അനുഗ്രഹം പ്രതീക്ഷിക്കാമെന്ന് യജമാനൻ പറഞ്ഞു. അവൻ യജമാനനോട് വിശ്വസ്തത പുലർത്തിയതിനാൽ, അവനെ യജമാനൻ തനിക്കുള്ളതിനെല്ലാം മേൽവിചാരകനാക്കും. അധികം ചുമതലകൾ നൽകുന്നതിനെ കുറിച്ച് താലന്തുകളുടെ ഉപമയിൽ പറഞ്ഞിരിക്കുന്നു (25:21, 23).

**വാക്യങ്ങൾ 48–51.** യേശു പിന്നെ പറഞ്ഞു, “**എന്നാൽ അവൻ ദുഷ്ടദാസനായി ... ‘യജമാനൻ വരുവാൻ താമസിക്കുന്നു എന്നു പറഞ്ഞു’** ” കൂട്ടുദാസന്മാരെ അടിക്കയും ചെയ്താൽ, ... ആ ദാസൻ നിരൂപിക്കാത്ത സമയത്ത് **യജമാനൻ വരും.** അത് ഒരു ദാസൻ വ്യത്യസ്ത സാഹചര്യത്തിൽ കാണുന്നതിനെയായിരിക്കാം പറഞ്ഞത്. യജമാനൻ വരുവാൻ താമസിക്കുന്നു എന്നു പറഞ്ഞു ആ ദാസൻ കൂട്ടുദാസന്മാരെ അടിക്കുന്നു – തനിക്ക് ഉത്തരവാദിത്വമുള്ള ആളുകളോടാണ് അങ്ങനെ ചെയ്യുന്നത്! അവർ ശരിയായ സമയത്ത് ഭക്ഷണം കഴിച്ചോ എന്നു ശ്രദ്ധിക്കുന്നതിനു പകരം, അവൻ **കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും** ചെയ്തുകൊണ്ടിരുന്നു.

യജമാനൻ അപ്രതീക്ഷിതമായി മടങ്ങി വന്നപ്പോൾ, മോശമായി പെരുമാറിയ ദാസനെ കണ്ട്, അവനെ **ദണ്ഡിപ്പിച്ച് കപടഭക്തിക്കാരോടുകൂടെ പങ്ക് കൽപിക്കും,** അവിടെ **പല്ലുകടിയും കരച്ചലും ഉണ്ടാകും**. കീനർ പറഞ്ഞതനുസരിച്ച്, പുരാതന ലോകത്തിലെ ഉപമകളിൽ സാധാരണ ഉപയോഗിച്ചിട്ടുള്ളതാണ്,

രാജാവ്, ഭർത്താവ്, യജമാനൻ എന്നീ ഭാവനകൾ. ആ പുരുഷന്മാർ ചിലപ്പോൾ തങ്ങളുടെ ഭാര്യമാരെ അല്ലെങ്കിലും ദാസന്മാരെ അവരുടെ വിശ്വസ്തത പരിശോധിക്കുവാൻ പെട്ടെന്ന് അപ്രതീക്ഷിതമായി തിരിച്ചെത്തും.[4] തന്നോട് വീട്ടിലുള്ളവർ അവിശ്വസ്തത കാണിച്ചതായി തെളിഞ്ഞാൽ യജമാനൻ അവരെ ശിക്ഷിക്കും. പുരാതന ലോകത്ത് മരണശിക്ഷ നടപ്പാക്കുന്ന രീതിയായിരുന്നു "കഷണം കഷണമാക്കുക" അല്ലെങ്കിൽ "രണ്ടു തുണ്ടാക്കുക" (എൻകെജെവി) എന്നത് (1 ശമു. 15:33; 2 ശമു. 12:31; ദാനി. 2:5; 3:29; എബ്രാ. 11:37).[5] വാക്യം 51 ലെ അവസാന പ്രയോഗം "പല്ലുകടിയും കരച്ചലും" മത്തായിയുടെ പുസ്തകത്തിൽ വേറെ അഞ്ചു പ്രാവശ്യവും (8:12; 13:42, 50; 22:13; 25:30) ലൂക്കൊസിൽ ഒരു പ്രാവശ്യവും കാണാം (ലൂക്കൊ. 13:28).

ന്യായവിധിയെ കുറിച്ചുള്ള സംഭവം. ഒരാൾ ക്രിസ്തീയ വിചാരകത്വത്തിൽ വിശ്വസ്തനാണെങ്കിൽ അയാൾക്ക് പ്രതിഫലം ലഭിക്കും. അവൻ തന്റെ വിചാരകത്വത്തിൽ അവിശ്വസ്തനായാൽ, ശിക്ഷിക്കുന്നത് "പല്ലുകടിയും കരച്ചലും" ഉള്ള സ്ഥലത്തായിരിക്കും. വിശ്വസ്തമായ കാര്യവിചാരകത്വത്തിൽ കർത്താവിന്റെ വരവിനായി ഉണർന്നിരുന്നു പ്രാർത്ഥിക്കലും ഉൾപ്പെടുന്നു.

## പാഠങ്ങൾ

**രണ്ടാം വരവ് (24:29-31, 36-51)**

യേശുക്രിസ്തു വീണ്ടും വരുന്നു! ആ വസ്തുത നമുക്ക് തീർച്ചയാക്കാം. കൂടാതെ, അവന്റെ രണ്ടാം വരവ് ഒന്നാം വരവ് പോലെ ആയിരിക്കയില്ല എന്നും നമുക്ക് അറിയാം. അവൻ വരുന്ന സമയം മാത്രമാണ് നമുക്ക് അറിയാത്തത്.

1. *താൻ ശക്തിയോടും മഹത്വത്തോടും വരും എന്നാണ് വാഗ്ദാനം ചെയ്തത്* (24:29–31). അവൻ "ആകാശമേഘങ്ങളിൽ മഹാ കാഹളനാദത്തോടുകൂടി വന്നു ദൂതന്മാരെ അയച്ചു വ്രതന്മാരെ ചേർക്കും."

2. *അവൻ മടങ്ങിവരുമ്പോൾ അടയാളങ്ങൾ ഒന്നും കാണുകയില്ല എന്ന് അവൻ വാഗ്ദാനം ചെയ്തിരുന്നു* (24:36–41). കർത്താവ് വരുന്ന ദിവസമോ നാഴികയോ ആർക്കും അറിയില്ല. നോഹയുടെ കാലത്ത് ജലപ്രളയം വന്നതുപോലെ പെട്ടെന്നായിരിക്കും അവന്റെ മടങ്ങി വരവ്.

3. *തന്റെ മടങ്ങി വരവ് അറിയിക്കാതെ പെട്ടെന്നായിരിക്കും എന്ന് അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു* (24:42–44). കള്ളൻ രാത്രിയിൽ വരുന്നതുപോലെ ആയിരിക്കും അവന്റെ വരവ്. നാം എപ്പോഴും ഒരുങ്ങിയിരിക്കണം, കാരണം അവന്റെ വരവ് നാം വിചാരിക്കാത്ത സമയത്തായിരിക്കും.

*ഉപസംഹാരം.* തന്റെ വരവിനായി ഒരുങ്ങുവാനാണ് യേശു തന്റെ ആളുകളോട് പറഞ്ഞത്. രണ്ട് ദാസന്മാരുടെ അന്തരം വ്യക്തമാക്കുന്ന ഉപമയോടുകൂടിയാണ് മത്തായി 24 അവസാനിപ്പിക്കുന്നത് (24:45–51). ഒരാൾ ശ്രദ്ധയോടെ തന്റെ കടമകൾ നിർവ്വഹിക്കുന്ന "വിശ്വസ്തനും ബുദ്ധിമാനും." മറ്റെ ദാസൻ "ദുഷ്ടനും" യജമാനന്റെ വസ്തുവകകൾ ധൂർത്തടിക്കുന്നവനുമായിരുന്നു. യജമാനൻ മടങ്ങി വന്നപ്പോൾ, വിശ്വസ്തന് പ്രതിഫലമായി കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകി. എങ്ങനെയായാലും, ദുഷ്ട ദാസനെ കഷണം കഷണമാക്കി, നിങ്ങൾ കർത്താവിന്റെ വരവിനായി നോക്കിപ്പാർത്തിരിക്കുന്ന വിശ്വസ്ത ദാസനാണോ? യേശു വീണ്ടും വരുന്നതിനു മുൻപ് നിങ്ങൾ അവന്റെ അടുക്കൽ വരുമോ?

**യേശു മടങ്ങിവരുന്നു! (24:29-31, 36-51)**

അനേകം ആളുകൾ കേൾക്കുവാൻ ആഗ്രഹിക്കുന്നത് “അർമ്മഗദോൻ യുദ്ധവും”! “ഹർഷോന്മാദവും”! “ഭൂമിയിൽ ആയിരാമാണ്ട് വാഴ്ച്ചയും”! ആണ് പക്ഷെ ...

*അർമ്മഗദോൻ യുദ്ധം.* വെളിപ്പാട് പുസ്തകത്തിലെ അവസാന യുദ്ധം ഭൗതികമല്ല, ആത്മികമാണ്. ക്രിസ്തുവിന്റെ ശത്രുക്കൾക്ക് അവനിൽ യാതൊരു ശക്തിയും ചെലുത്തുവാൻ കഴിയുകയില്ല. അവർക്ക് ക്രിസ്തുവിനേയോ അവന്റെ ശക്തിയുള്ള ദൂതന്മാരെയോ ജയിക്കുവാൻ സാധ്യമല്ല (വെളി. 19). ഒന്നിലധികം പേരുള്ള സ്ഥലങ്ങളെ അറിയപ്പെടുന്ന “വാട്ടർലൂ,” “പേൾ ഹാർബർ” എന്നു പറയുന്നതുപോലെ ആയി തീർന്നു “അർമ്മഗദോൻ” എന്ന വാക്ക്. “അർമ്മഗദോൻ” ബന്ധപ്പെട്ടിരിക്കുന്നത് തിന്മയെ അവസാനം മറിച്ചിടുന്നതാണ്; എന്നാൽ വെളിപ്പാടിൽ, അത് സഭയെ ഉപദ്രവിച്ച ഒന്നാം നൂറ്റാണ്ടിലെ റോമൻ ചക്രവർത്തിയെ മറിച്ചിടുന്നതിനെയാണ് സൂചിപ്പിച്ചത്.

*ഹർഷോന്മാദം.* ആയിരമാണ്ടുവാഴ്ച്ചക്കാർ പറയുന്ന സഭയുടെ ഹർഷോന്മാദത്തെ കുറിച്ച് ബൈബിൾ ഒന്നും പറയുന്നില്ല. തങ്ങളുടെ മരിച്ചുപോയ പ്രിയപ്പെട്ടവർക്ക് കർത്താവിന്റെ മടങ്ങിവരവ് നഷ്ടമാകുമെന്ന് ഭയപ്പെട്ട തെസലൊനിക്യയിലുള്ള ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുന്ന വേദഭാഗമാണ് 1 തെസലൊനിക്യർ 4:14–16. ആ ആത്മാക്കളെ മറക്കുകയില്ല, എന്നാൽ അമർത്യ ശരീരത്തോടുകൂടെ അവർ ഉയിർത്തെഴുന്നേറ്റ് കർത്താവിനെ എതിരേൽപാൻ ആകാശത്തിൽ എടുക്കപ്പെടും.

*ആയിരമാണ്ട് വാഴ്ച്ച.* ഭൂമിയിൽ കർത്താവിന്റെ ആയിരമാണ്ട് വാഴ്ച്ചയെ സംബന്ധിച്ചോ? വെളിപ്പാട് 20:4–6 എന്തു പറയുന്നില്ല എന്ന് ശ്രദ്ധിക്കുക. ക്രിസ്തു ഭൂമിയിൽ ദാവീദിന്റെ സിംഹാസനത്തിൽ, യെരുശലേമിൽ വാഴുമെന്ന് അവിടെ പറയുന്നില്ല; കൂടാതെ അവൻ വരുന്നത് എപ്പോഴാണെന്നോ, അവസാനം സംഭവിക്കുന്നത് എപ്പോഴാണെന്നോ പറയുന്നില്ല. സഭയെ റോമാക്കാർ ഉപദ്രവിച്ചപ്പോൾ രക്തസാക്ഷികളായവരുടെ ആത്മാക്കൾ ക്രിസ്തുവിനോടുകൂടെ വാഴുമെന്നാണ് അവിടെ പറയുന്നത്: “അവർ ജീവിച്ച് ആയിരമാണ്ട് ക്രിസ്തുവിനോടുകൂടെ വാണു” (വെളി. 20:4). അത് എവിടെയാണ് സംഭവിക്കുന്നത്? സ്വർഗത്തിൽ (വെളി. 20:1). ക്രിസ്തു എത്രത്തോളം വാഴുമെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല; രക്തസാക്ഷികളായവർ എത്രത്തോളം അവനോടുകൂടെ വാഴുമെന്നു മാത്രമെ വേദഭാഗം പറയുന്നുള്ളു.

ലോകാവസാനം വരുന്നു, എന്നാൽ “നാളും നാഴികയും സംബന്ധിച്ച്, പിതാവല്ലാതെ സ്വർഗത്തിലെ ദൂതന്മാരോ പുത്രനോ അറിയുന്നില്ല” (24:36). ക്രിസ്തു “കള്ളനെ പോലെ മടങ്ങി വരും” (2 പത്രൊ. 3:10). അവൻ ആകാശമേഘങ്ങളിൽ വരുമ്പോൾ (അവൻ ഒരിക്കലും ഭൂമിയിൽ കാൽകുത്തുകയില്ല) ലോകം പൂർണ്ണമായി നശിപ്പിക്കപ്പെടും (2 പത്രൊ. 3:10–12). ആ സംഭവങ്ങളെല്ലാം ഒരു ദിവസം സംഭവിക്കും. നമ്മെ സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യം നാം കർത്താവിന്റെ വരവിനായി, ഉണർന്നിരുന്നു പ്രാർത്ഥിക്കണം എന്നതാണ് (26:41).

ഭൗതികമായി ക്രിസ്തുവിന്റെ ഭൂമിയിലെ വാഴ്ച്ച, ഹർഷോന്മാദം, അർമ്മഗദോൻ യുദ്ധം എന്നിവയെ കുറിച്ച് ബൈബിൾ എന്തു പറയുന്നു? “*ഒന്നും പറയുന്നില്ല!*” എന്നതാണ് ഉത്തരം. അർമ്മഗദോൻ യുദ്ധത്തെ കുറിച്ച് പ

റയുന്നുണ്ട്, പക്ഷെ അത് ഇന്ന് പ്രവാചകന്മാർ-എന്ന് അവകാശപ്പെടുന്നവർ പറയുന്നതുപോലെയുള്ളതല്ല (വെളി. 16:16; 19:11-21 നോക്കുക). ആളുകൾ ആകാശമേഘങ്ങളിൽ കർത്താവിനെ എതിരേൽപാൻ എടുക്കപ്പെടും-അത് "മഹോപദ്രവത്തിനു" ഏഴുവർഷം മുൻപുള്ള "ഹർഷോന്മാദം" അല്ല (1 തെസ്സ. 4:13-18 നോക്കുക). വെളിപ്പാട് 20:4-6 തെറ്റായി വ്യാഖ്യാനിക്കുന്നതിന്റെ ഫലമായി ഉരുത്തിരിഞ്ഞതാണ് ക്രിസ്തു ഭൂമിയിൽ ആയിരം വർഷം വാഴും എന്ന ആശയം.

**ആയിരം ആണ്ട് വാഴ്ച്ച വാസ്തവമോ? (24:29-31, 36-51)**

യേശു മടങ്ങി വന്നു യെരൂശലേമിൽ ഒരു ഭൗമികരാജ്യം സ്ഥാപിക്കുമെന്ന ഉപദേശം, പല കാരണങ്ങൾകൊണ്ടും, ബൈബിൾ ഉപദേശത്തെ ഇല്ലാതാക്കുന്നതാണ്. ആ ഉപദേശം എന്തുകൊണ്ട് തള്ളിക്കളയണമെന്നതിനുള്ള ഏതാനും കാരണങ്ങൾ നമുക്ക് പരിശോധിക്കാം.

1. അത് ക്രിസ്തു രാജ്യം സാഥാപിക്കുമെന്ന് വാഗ്ദാനം ചെയ്തതിനെ നിഷേധിക്കുന്നതാണ്. ആയിരാമാണ്ട് വാഴ്ച്ചക്കാർ പറയുന്നത് (1) തന്റെ രാജ്യസ്ഥാപന ദൗത്യം പരാജയപ്പെട്ടു എന്നാണ്, (2) സഭ വേഗത്തിൽ പണിതതും, താഴ്ന്നതും, പകരവുമായിരുന്നു എന്ന് അവർ കരുതുന്നു. പക്ഷെ ബൈബിൾ പഠിപ്പിക്കുന്നത് അതിനെതിരാണ് (പ്രവൃ. 2:36; 1 കൊ. 15:24–26; എഫെ. 1:20–23; കൊലൊ. 1:13; എബ്രാ. 12:28; വെളി. 1:9).

2. അത് ദൈവത്തെയും ക്രിസ്തുവിനെയും ദുരുപദേഷ്ടാക്കളാക്കുന്നു (ദാനി. 2:44; മർ. 9:1; പ്രവൃ. 1:6–8).

3. അത് യേശുവിന്റെ കാലത്തെ യെഹൂദന്മാർക്ക് പറ്റിയ അതേ തെറ്റായി തീരുന്നു. അവർ ഭൗമികമായ ഒരു രാജ്യമായിരുന്നു പ്രതീക്ഷിച്ചത്. യേശു വ്യക്തമായി പറഞ്ഞു, "എന്റെ രാജ്യം ഐഹികമല്ല" (യോഹ. 18:36).

4. ക്രിസ്തു മടങ്ങി വന്ന് ഭൂമിയിൽ ആയിരാ-മാണ്ട് വാഴുമ്പോൾ, ആളുകൾക്ക് ദൈവത്തെ അനുസരിക്കുവാൻ രണ്ടാമത് ഒരു അവസരം നൽകുമെന്ന തെറ്റായ പ്രത്യാശയാണ് ജനിപ്പിക്കുന്നത്.

5. ആ ഉപദേശം, ബൈബിൾ പ്രവചനത്തെ തെറ്റായി ഉപയോഗിക്കുന്നതും, ആലങ്കാരികമായി എഴുതപ്പെട്ട വെളിപ്പാട് സന്ദേശത്തെ അവർ അക്ഷരികമാക്കി നിറവേറിയ പ്രവചനങ്ങളെ സംബന്ധിച്ച് ആളുകൾക്കിടയിൽ സംശയം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്.

---

കുറിപ്പുകൾ

[1]"പുത്രനോ" എന്ന പ്രയോഗം മത്തായിയുടെ ചില പുരാതന കയ്യെഴുത്തു പ്രതികൾ ഒഴിവാക്കിയിരിക്കുന്നു, വേദശാസ്ത്രപരമായ ബുദ്ധിമുട്ട് നിമിത്തമായിരിക്കാം. എങ്ങനെയായാലും, അത് മർക്കൊസ് 13:32-ൽ തർക്കമറ്റതാണ് (ബ്രൂസ് എം. മെറ്റ്സ്ജർ, *ഏ ടെക്സസ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2 ഡ് എഡി. ധസ്റ്റട്ട്ഗാർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994], 51-52.) [2]റോബർട്ട് എച്ച്. ഗൺഡ്രി, *മാത്യു, ഏ കമെന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 492. [3]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു, പില്ലർ കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി.,

1992), 615. [4]ക്രെയിഗ് എസ്. കീനർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു*, (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 594–95. [5]ഹോമർ *ഒഡീസി* 18.339; ലിവി 8.24.14. ഡയോഡോറസ് സികുലസ് 16.16.4; 17.83.9; 33.15.1; ഹെരോഡോട്ടസ് 2.139; 7.39.